# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ -298

08.02.2016 ൽ മറുപടിയ്ക്ക്

## ട്രാൻസ്പോർട്ട് ജീവനക്കാരുടെ പണിമുടക്ക്

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | ഉത്തരം<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) മദ്യപിച്ചു എന്നാരോപിച്ച് ഡ്രൈവറെ ഫോർട്ട് പോലീസ് കസ്റ്റഡിയിലെടുത്തതിനെത്തുടർന്ന് തലസ്ഥാനത്ത് ട്രാൻസ്പോർട്ട് ജീവനക്കാർ പണിമുടക്കാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; | (എ) തിരുവനന്തപുരം സിറ്റിയിൽ വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്നതിനാൽ വാഹന പരിശോധന നടത്തി വരവെ മദ്യപിച്ച് വാഹനം ഓടിച്ചു വരുന്നതായി സംശയം തോന്നിയതിനാൽ കെ.എസ്.ആർ.ടി.സി പാപ്പനംകോട് ഡിപ്പോയിലെ RT 721 ബസ് കൈകാണിച്ച് നിർത്തിയപ്പോൾ ഗതാഗത തടസ്സമുണ്ടാക്കി ടി വാഹനം നിർത്തിയിട്ടശേഷം ഡ്രൈവർ ഇറങ്ങിപ്പോയതിന് ടിയാനെ പ്രതിയാക്കി ട്രാഫിക് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 4746/15 u/s 283 പ്രകാരം 29.12.2015-ൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് അന്നേ ദിവസം വൈകി കെ.എസ്.ആർ.ടി.സി സർവ്വീസുകൾ മുടക്കി ബസുകൾ റോഡിലുപേക്ഷിച്ച് പണിമുടക്കിയ കണ്ടാലറിയാവുന്ന 75 കെ.എസ്.ആർ.ടി.സി ജീവനക്കാർക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2855/2015, u/s 143, 147, 149, 283 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) പ്രസ്തുത ഡ്രൈവറുടെ രക്തപരിശോധന നടത്തിയിരുന്നോ; പരിശോധനയിൽ ഡ്രൈവർ മദ്യപിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരോപണം തെറ്റാണെന്ന് ബോദ്ധ്യപ്പെട്ട ഉടനെ | (ബി) രക്ത പരിശോധന നടത്തിയിട്ടില്ല. ആൽക്കോമീറ്റർ ടെസ്റ്റ് നടത്തിയതിൽ മദ്യപിച്ചിട്ടില്ലായെന്ന് ബോധ്യമായതിനാൽ ടിയാനെ വിട്ടയച്ചു. |

ഡ്യൂട്ടിയിലായിരുന്ന ഡ്രൈവറെ മോചിപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

| | | | |
|---|---|---|---|
| (സി) | മദ്യപിച്ചെന്നാരോപിച്ച് ഫോർട്ട് പോലീസ് കസ്റ്റഡിയിലെടുത്തയാളെ ട്രാഫിക് സ്റ്റേഷന് കൈമാറിയിരുന്നോ; എങ്കിൽ എന്തിനുവേണ്ടിയായിരുന്നു എന്ന് വെളിപ്പെടുത്തുമോ; | (സി) | മദ്യപിച്ചു എന്നാരോപിച്ച് ഫോർട്ട് പോലീസ് കെ.എസ്.ആർ.ടി.സി. ഡ്രൈവറെ കസ്റ്റഡിയിൽ എടുത്തിട്ടില്ല. 29.12.2015 തീയതി കിഴക്കേകോട്ടയിൽ ഗതാഗതം തടസ്സം സൃഷ്ടിച്ചതിന് സിറ്റി ട്രാഫിക് പോലീസ് ഒരു കെ.എസ്.ആർ.ടി.സി ബസ് ഡ്രൈവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്. |
| (ഡി) | നിസ്സാര പ്രശ്നത്തിന്റെ പേരിൽ തലസ്ഥാന നഗരിയിലെ നൂറുകണക്കിനു സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ള ജനസഞ്ചയം ദുരിതമനുഭവിക്കാൻ ഇടയാക്കിയതിന് ഉത്തരവാദികൾ ആരെന്നു കണ്ടെത്താൻ സമഗ്രമായ അന്വേഷണം നടത്തുമോ; | (ഡി) | ഗതാഗത തടസ്സമുണ്ടാക്കി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കത്തക്ക വിധം പണിമുടക്കിയ കെ.എസ്.ആർ.ടി.സി ജീവനക്കാർക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2855/2015 u/s 143, 147, 149, 283 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ഇ) | ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ ക്രിമിനൽ കേസ് പ്രതിയായ മകന് രക്ഷപ്പെടാൻ അവസരമൊരുക്കിയെന്ന് ആരോപണം നേരിടുന്ന പോലീസ് സേനയിലെ ഒരു വിഭാഗം ശ്രദ്ധ തിരിക്കാനും ജനങ്ങളെ ദുരിതത്തിലാക്കാനും സർക്കാരിനെ അപമാനിക്കാനും നടത്തുന്ന ഇത്തരം ഹീനപ്രവൃത്തികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (ഇ) | പോലീസ് നിയമപരമായ നടപടികൾ മാത്രമാണ് ഈ സംഭവത്തിൽ സ്വീകരിച്ചിട്ടുള്ളത്. |

[signature]

സെക്ഷൻ ഓഫീസർ